# SSLC MODEL EXAMINATION, FEBRUARY- 2023

## SOCIAL SCIENCE (ANSWER KEY)


*COLIN JOSE.E* — *BIJU.M*

*DR.AMMR GOVT HSS KATTELA.* — *GHSS PARAPPA*

*THIRUVANATHAPURAM* — *KASARGOD*


| Qn No | ഉത്തര സൂചകങ്ങൾ | score |
|---|---|---|
| **PART - A** | | |
| 1 | (d)ഉപദ്വീപിയ പീഠഭൂമി | 1 |
| 2 | (c)ക്വിറ്റ് ഇന്ത്യാ സമരം | 1 |
| 3 | (b)പ്രകൃതി സംരക്ഷണം | 1 |
| 4 | (d)കേരളം | 1 |
| 5 | (a)തൊഴിൽ നികുതി | 1 |
| 6 | **എ** — **ബി**<br>വിശ്വഭാരതി സർവകലാശാല — രവീന്ദ്രനാഥ ടാഗോർ<br>ജാമിയ മില്ലിയ ഇസ്‌ലാമിയ — എം.എ അൻസാരി<br>കേരള കലാമണ്ഡലം — വള്ളത്തോൾ നാരായണ മേനോൻ<br>വാർധാ വിദ്യാഭ്യാസ പദ്ധതി — മഹാത്മാ ഗാന്ധി | 4 |
| 7 | • എക്കൽ മണ്ണാണ് ഏറ്റവും അനുയോജ്യം<br>• ഉയർന്ന താപനില (24°c ൽ മുകളിൽ )<br>• ധാരാളം മഴ (150cm ൽ കൂടുതൽ ) | 3 |
| 8 | ➢ വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നു.<br>➢ ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങളിലൂടെ ക്രിയാത്മകമായ ആശയരൂപീകരണത്തിലേക്ക് നയിക്കുന്നു.<br>➢ മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. | 3 |
| 9 | **നിരീക്ഷണം**<br>• കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം . നിരീക്ഷണം രണ്ടു തരത്തിലുണ്ട്<br>**പങ്കാളിത്ത നിരീക്ഷണം**<br>• നിരീക്ഷകൻ പഠനമേഖലയിൽ നിന്ന് നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്ത നിരീക്ഷണം<br>• പഠന വിധേയമാക്കേണ്ട സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസിലാക്കുന്നു | 3 |

| | | |
|---|---|---|
| | **<u>പങ്കാളിത്തരഹിത നിരീക്ഷണം</u>**<br>• പുറത്തുനിന്നും നിരീക്ഷണം നടത്തുന്നതിനേയാണ് പങ്കാളിത്തരഹിത നിരീക്ഷണം എന്ന പറയുന്നത്.<br>• ഇതിൽ പഠന സംഘങ്ങൾ താമസിച്ച് പഠനം നടത്തുന്നില്ല. | |
| **10** | • ഡിസംബർ മുതൽ ഫെബ്രുവരിവരെയാണ് ഇന്ത്യയിൽ ശൈത്യകാലം<br>• സൂര്യന്റെ ദക്ഷിണായന കാലത്ത്<br>• താപനില തെക്കുനിന്ന് വടക്കോട്ട് കുറഞ്ഞുവരുന്നു.<br>• ഉത്തരേന്ത്യയിൽ പകൽസമയത്ത് മിതമായ ചൂടും രാത്രികാലങ്ങളിൽ ശൈത്യവും അനുഭവപ്പെടുന്നു.<br>• 'പശ്ചിമഅസ്വസ്ഥത' എന്ന പ്രതിഭാസം ഈ കാലത്തിന്റെ പ്രത്യേകതയാണ് . | **3** |
| **11** | ◆ ഒരു സാമ്പത്തിക വർഷത്തിൽ സർക്കാർ പ്രതീക്ഷിക്കുന്ന വരവ് ചെലവ് വിശദമാക്കുന്ന ധനകാര്യ രേഖയാണ് ബജറ്റ്.<br>• വരുമാനം ചെലവിനേക്കാൾ കൂടുതലുള്ള ബജറ്റാണ് **<u>മിച്ച ബജറ്റ്.</u>**<br>• ചെലവ് വരവിനേക്കാൾ കൂടുതലാണെങ്കിൽ **<u>കമ്മിബജറ്റ്.</u>** | **3** |
| **12** | • 'ഫോർവേഡ് ബ്ലോക്ക് ' എന്ന രഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി.<br>• സ്വതന്ത്ര ഭാരതത്തിന് ഒരു താൽകാലിക ഗവൺമെന്റ് സിംഗപ്പൂരിൽ രൂപീകരിച്ചു.<br>• ഇന്ത്യൻ നാഷണൽ ആർമിയുടെ നേതൃത്വം ഏറ്റെടുത്തു.<br>• ഇന്ത്യൻ നാഷണൽ ആർമി ഇംഫാലിൽ ദേശീയപതാക ഉയർത്തി. | **4** |
| **13** | • പകരം സാധനം നൽകൽ.<br>• നൽകിയ / അധികമായി ഈടാക്കിയ പണം തിരിച്ചു നൽകൽ.<br>• നഷ്ടം നികത്തുന്നതിനുള്ള തുക ലഭ്യമാക്കൽ.<br>• സേവനത്തിലെ കോട്ടങ്ങൾ പരിഹരിക്കാനുള്ള നിർദേശം നൽകൽ.<br>• ദോഷകരമായ വ്യാപരനടപടികൾ നിർത്തലാക്കൽ.<br>• ഹാനികരമായ ഭഷ്യവസ്തുക്കളുടെ വിൽപ്പന നിരോധിക്കൽ.<br>• പരാതിച്ചെലവ് ലഭ്യമാക്കൽ. | **4** |
| **14** | • കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു<br>• എന്നാൽ വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുകാർ തയാറായില്ല<br>• ഈ നീതികേടിനെതിരെ പഴശ്ശിരാജ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടി<br>• ചെമ്പൻപോക്കർ ,കൈതേരി അമ്പുനായർ ,എടച്ചെന കുങ്കൻനായർ ,തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശി ഒളിപ്പോർ നടത്തി<br>• പോരാട്ടത്തിനിടയിൽ 1805 നവംബർ 30 ന് പഴശ്ശിരാജ മരണപ്പെട്ടു | **4** |
| **15** | ഭൂപടത്തിൽ കൃത്യമായി അടയാളപ്പെടുത്തുന്നതിന് | **4** |
| | **PART – B** | |
| **16** | • സെമീന്ദാർമാർ നികുതി പിരിച്ചു.<br>• യഥാർത്ഥ കർഷകർ കുടിയാന്മാരായി മാറി.<br>• വിളവിന്റെ 60% വരെ കർഷകർ നികുതി നൽകണമായിരുന്നു.<br>• നിശ്ചിത തീയതിയിൽ നികുതി പണമായി നൽകണമായിരുന്നു. | |

| | | |
|---|---|---|
| | • വിളവ് മോശമായാലും നികുതി നൽകണമായിരുന്നു.<br>• മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ സെമീന്ദാർ ആയിരുന്നു.<br>**അല്ലെങ്കിൽ**<br>➢ കേന്ദ്ര മന്ത്രിസഭയിൽ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ് ഭായി പട്ടേലിനായിരുന്നു.<br>➢ അദ്ദേഹം സ്റ്റേറ്റ് ഡിപ്പാർട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ നിയമിച്ചു.<br>➢ ഇവർ രണ്ടുപേരും കൂടിച്ചേർന്ന് ഒരു ലയനക്കരാർ തയ്യാറാക്കി.<br>➢ അതനുസരിച്ച് വിദേശകാര്യം, വാർത്താവിനിമയം, പ്രതിരോധം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.<br>➢ ജനകീയപ്രതിഷേധങ്ങളും ഗവണ്മെന്റിന്റെ പ്രായോഗികസമീപനവുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പ് വച്ചു.<br>➢ എന്നാൽ ഹൈദരാബാദ്, കാശ്മീർ ,ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു.<br>➢ അനുരഞ്ജനത്തിലൂടെയും സൈനികനടപടികളിലൂടെയും ഇവയെ പിന്നീട് ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു. | 3 |
| 17 | ➢ മറ്റു കാറ്റുകളെ അപേക്ഷിച്ച് താരതമ്യേന ചെറിയ പ്രദേശത്തുമാത്രമായി അനുഭവപ്പെടുന്ന കാറ്റുകളാണ് പ്രാദേശികവാതങ്ങൾ.<br>• ലൂ<br>• മാംഗോഷവർ<br>• കാൽബൈശാഖി<br>**അല്ലെങ്കിൽ**<br>• മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ വസന്തകാലമായിരിക്കും<br>• ശൈത്യകാലത്തിൽ നിന്നും വേനൽകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണിത്.<br>• ചെടികൾ തളിർക്കുന്നതും,പുഷ്പിക്കുന്നതും,മാവ്പൂക്കുന്നതും,പ്ലാവുകളിൽ ചക്കയുണ്ടാകുന്നതും ഈ കാലത്തിന്റെ പ്രത്യേകതയാണ് . | 3 |
| 18 | **കാരണങ്ങൾ**<br>• കർഷകരുടെ ദുരിതങ്ങൾ<br>• കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം<br>• രാജാക്കന്മാരുടെ പ്രശ്നങ്ങൾ<br>• ശിപായിമാരുടെ ദുരിതങ്ങൾ<br>**കർഷകരുടെ ദുരിതങ്ങൾ**<br>• ഉയർന്ന നികുതി നൽകണമായിരുന്നു<br>• നികുതി കൃത്യമായി നൽകാൻ കഴിയാതിരുന്ന കർഷകരുടെ കൃഷിഭൂമി നഷ്ടമായി<br>• സെമീന്ദാർമാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണം<br><br>**കരകൗശല തൊഴിലാളികളുടെ ദാരിദ്ര്യം**<br>• പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച<br>• ഉദാഹരണം തുണി,മൺപാത്രം,തുകൽപ്പണി വ്യവസായങ്ങൾ<br>**രാജാക്കന്മാരുടെ പ്രശ്നങ്ങൾ** | |

<table>
<tr>
<td></td>
<td>• ദത്തവകാശനോരോധന നയം<br>• ദുർഭരണം ആരോപിച്ച് ബ്രിട്ടീഷുകാർ നാട്ടുരാജ്യങ്ങൾ പിടിച്ചെടുത്തത്<br><u>ശിപായിമാരുടെ ദുരിതങ്ങൾ</u><br>• തുശ്ചമായ ശമ്പളം<br>• പുതിയ തിരയുടെ ഉപയോഗം<br>• ഉദ്യോഗസ്ഥരിൽ നിന്നുള്ള അവഹേളനം<br>അല്ലെങ്കിൽ<br>◆ 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം .<br>◆ സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>◆ മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം.</td>
<td>3</td>
</tr>
<tr>
<td>19</td>
<td>
<table>
<tr><th>നിർബന്ധിത ചുമതലകൾ</th><th>വിവേചനപരമായ ചുമതലകൾ</th></tr>
<tr>
<td>• രാഷ്ട്രം എക്കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകളാണിവ<br>• ഇത് നിർവഹിക്കാത്ത പക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉണ്ടാവുകയില്ല<br>• ഉദാ:- അതിർത്തി സംരക്ഷണം<br>• നീതി നടപ്പാക്കൽ<br>• ആഭ്യന്തരസമാധാനം<br>• അവകാശസംരക്ഷണം</td>
<td>• രഷ്ട്രത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകൾ<br>• ഉദാ:- ആരോഗ്യ സംരക്ഷണം നൽകുക,<br>• ക്ഷേമപദ്ധതികൾ നടപ്പാക്കുക<br>• വിദ്യാഭ്യാസ സൗകര്യം ഒരുക്കുക<br>• ഗതാഗതസൗകര്യം ഒരുക്കുക</td>
</tr>
</table>
അല്ലെങ്കിൽ<br>• 2005 ൽ നിലവിൽ വന്നു.<br>• രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടനയുടെ പ്രവർത്തനങ്ങളാണ് വിവരാകാശ നിയമനിർമാണത്തിലേക്ക് നയിച്ചത്.<br>• അഴിമതി നിയന്ത്രിക്കുന്നതിനും ഉദ്യോഗസ്ഥർക്കിടയിൽ ഉത്തരവാദിത്വബോധമുണ്ടാക്കുന്നതിനും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഈ നിയമം ലക്ഷ്യമിടുന്നു.<br>• പൊതുസ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ ആവശ്യപ്പെടുന്നപക്ഷം പൗരന്മാർക്ക് ലഭ്യമാക്കാനും ഈ നിയമത്തിലൂടെ കഴിയുന്നു.<br>• വിവരാവകാശ നിയമപ്രകാരമുള്ള  അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്.</td>
<td>4</td>
</tr>
<tr>
<td>20</td>
<td>• വ്യക്തികളിൽ നിന്ന് പണം സമാഹരിച്ച് കൂട്ടായ സാമ്പത്തിക വികസനത്തിന് സഹായിക്കുന്നു.<br>• പാവപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്താൻ സഹായിക്കുന്നു.<br>• സമ്പാദ്യശീലം വളർത്തുന്നു.<br>• വ്യക്തിഗത കഴിവുകൾ ഗ്രൂപ്പ് വികസനത്തിന് പ്രയോജനപ്പെടുത്തുന്നു.<br>• ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നു.</td>
<td></td>
</tr>
</table>

<table>
<tr>
<td></td>
<td>

**അല്ലെങ്കിൽ**

- തൊഴിൽ  ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപാദനം കൂടുന്നു.
- പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.
- ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാനും കഴിയും.
- ഉത്പാദനവർദ്ധനവിലൂടെ സാമ്പത്തികവികസനം സാധ്യമാകും.

</td>
<td>4</td>
</tr>
<tr>
<td>21</td>
<td>

- ജനങ്ങൾ ഇല്ലാതെ രാഷ്ട്രമില്ല.
- ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യ എത്രയെന്നോ പരമാവധി എത്ര ജനങ്ങൾ ഉണ്ടാകണമെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല.
- അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്രത്തിന് ഗുണകരമല്ല.
- ഇത് രാഷ്ട്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും.

**അല്ലെങ്കിൽ**

<table>
<tr><th>അഖിലേന്ത്യാസർവീസ്</th><th>കേന്ദ്ര സർവീസ്</th><th>സംസ്ഥാനസർവീസ്</th></tr>
<tr>
<td>

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു
- കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു

ഉദാഹരണം:

- ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)
- ഇന്ത്യൻ പോലീസ് സർവീസ്(IPS)

</td>
<td>

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര ഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാഹരണം:

- ഇന്ത്യൻ ഫോറിൻ സർവീസ്
- ഇന്ത്യൻ റെയിൽവേ സർവീസ്

</td>
<td>

- സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.
- സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാഹരണം:

- പോലീസ്
- അധ്യാപകർ
- വില്ലജ് ഓഫീസർ

</td>
</tr>
</table>

</td>
<td>4</td>
</tr>
<tr>
<td>22</td>
<td>

<u>**ആകാശിയ  വിദൂരസംവേദനം**</u>

- ബലൂണുകളിലോ വിമാനങ്ങളിലോ ഉറപ്പിച്ചിട്ടുള്ള കാമറയുടെ സഹായത്താൽ ആകാശത്തുനിന്നും ഭൂതലത്തിന്റെ ചിത്രങ്ങൾ തുടർച്ചയായി എടുക്കുന്ന പ്രക്രിയ

<u>**ഉപഗ്രഹ വിദൂരസംവേദനം**</u>

- കൃത്രിമ ഉപഗ്രഹങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന സെൻസറുകൾ വഴി വിവരശേഖരണം നടത്തുന്ന പ്രക്രിയ

**അല്ലെങ്കിൽ**

(i)

- കിണർ
- കുഴൽ കിണർ
- അമ്പലം

</td>
<td>4</td>
</tr>
</table>

| | | |
|---|---|---|
| | • കോട്ട<br>• വാസസ്ഥലം<br>• റോഡ്<br>• ശവപ്പറമ്പ്<br>(ii)<br>• വാസസ്ഥലം:8534<br>• കോട്ട:8134 | |
| **23** | • ഹയർ പർച്ചേസിന് വായ്പ നൽകുന്നു.<br>• വീട് നിർമ്മാണത്തിനു വായ്പ നൽകുന്നു.<br>• സ്വർണപ്പണയത്തിന്മേൽ വായ്പ നൽകുന്നു.<br>• സ്ഥിരനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുന്നു.<br>• ചിട്ടികൾ നടത്തുന്നു.<br>**അല്ലെങ്കിൽ**<br>**ജനനനിരക്ക്**<br>• ജനനനിരക്ക് വർധിക്കുമ്പോൾ ജനസംഖ്യ വർധിക്കുന്നു.<br>• ജനനനിരക്ക് കുറയുമ്പോൾ ജനസംഖ്യ കുറയുന്നു.<br>**മരണനിരക്ക്**<br>• മരണനിരക്ക് കുറയുമ്പോൾ ജനസംഖ്യ വർധിക്കുന്നു.<br>• മരണനിരക്ക് വർധിക്കുമ്പോൾ ജനസംഖ്യ കുറയുന്നു.<br>**കുടിയേറ്റം**<br>• എവിടെക്കാണോ കുടിയേറ്റം നടക്കുന്നത് അവിടെ ജനസംഖ്യ വർധിക്കുന്നു.<br>• എവിടെ നിന്നാണോ പോകുന്നത് അവിടെ ജനസംഖ്യ കുറയുന്നു. | **4** |
| **24** | **ഉത്തരായനം**<br>• ശൈത്യ അയനന്തദിനത്തെത്തുടർന്ന് സൂര്യൻ ദക്ഷിണായനരേഖയിൽനിന്നും ഉത്തരായന രേഖയിലേക്കുള്ള അയനം ആരംഭിക്കുകയും ജൂൺ 21 ന് ഉത്തരായന രേഖക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു<br>• ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്ന് വിളിക്കുന്നു<br>**ദക്ഷിണായനം**<br>• ഗ്രീഷ്മ അയനന്തദിനത്തെത്തുടർന്ന് ഉത്തരായന രേഖയിൽനിന്നും ദക്ഷിണായന രേഖയിലേക്ക് അയനം ആരംഭിക്കുകയും ഡിസംബർ 22 ന് ദക്ഷിണായനരേഖക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു<br>• ഉത്തരായനരേഖയിൽ നിന്നുംദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്ന് വിളിക്കുന്നു<br>**അല്ലെങ്കിൽ**<br>**മധ്യരേഖാ ന്യൂനമർദ്ദമേഖല.**<br>• മധ്യരേഖയ്ക്ക് തെക്ക് $5^0$ മുതൽ വടക്ക് $5^0$ വരെ അക്ഷാംശങ്ങൾക്കിടയിൽ<br>• വർഷം മുഴുവൻ സൂര്യരശ്മികൾ ലംബമായി പതിക്കുന്നു.<br>• സൂര്യന്റെ ചൂടേറ്റ് വായു വികസിക്കുകയും ഉയരുകയും ചെയ്യുന്നതിനാൽ ഇവിടെ | **5** |

| | | |
|---|---|---|
| | ന്യൂനമർദ്ദം അനുഭവപ്പെടുന്നു.<br>• 'നിർവാതമേഖല' എന്നും അറിയപ്പെടുന്നു<br>**ഉപോഷ്ണ ഉച്ചമർദമേഖല**<br>• രണ്ട് അർദ്ധഗോളങ്ങളിലും $30^0$ അക്ഷാംശങ്ങളിൽ<br>• മധ്യരേഖാ പ്രദേശത്തുനിന്നു ചൂടുപിടിച്ച് ഉയരുന്ന വായു ക്രമേണ തണുത്ത് ഭ്രമണത്തിന്റെ സ്വാധീനത്താൽ ഉപോഷ്ണമേഖലയിൽ എത്തുമ്പോഴേക്കും താഴുന്നതിനാൽ ഈ മേഖലയിലുടനീളം ഉച്ചമർദം അനുഭവപ്പെടുന്നു<br>➢ വാണിജ്യവാതങ്ങൾ. | |
| **25** | **ഫെബ്രുവരി വിപ്ലവം**<br>• 1917 ആയപ്പോഴേക്കും റഷ്യയിൽ ഭക്ഷ്യ ദൗർലഭ്യം രൂക്ഷമായി.<br>• പെട്രോഗ്രാഡ് പട്ടണത്തിൽ തൊഴിലാളികൾ പ്രകടനം നടത്തി.<br>• സൈനികരും ഇവരോടൊപ്പം ചേർന്നു.<br>• നിക്കോളാസ് രണ്ടാമൻ സ്ഥാനമൊഴിഞ്ഞു.<br>• അലക്സാണ്ടർ കെറൻസ്കിയുടെ നേതൃത്വത്തിൽ ഒരു താൽകാലിക ഗവൺമെന്റ് നിലവിൽ വന്നു.<br>ഒക്ടോബർ വിപ്ലവം<br>• താൽകാലിക ഗവൺമെന്റ് ജനങ്ങളുടെ ആവശ്യങ്ങളെ അംഗീകരിച്ചില്ല.<br>• സോവിയറ്റുകൾ താൽകാലിക ഗവൺമെന്റിനെ എതിർത്തു.<br>• ലെനിൻ ഇതിന് നേതൃത്വം നൽകി.<br>• 1917 ഒക്ടോബറിൽ ബോൾഷെവിക്കുകൾ താൽകാലിക ഗവൺമെന്റിനെതിരെ സായുധ വിപ്ലവം ആരംഭിച്ചു.<br>• കെറൻസ്കി രാജ്യം വിട്ടു.<br>• ബോൾഷെവിക്കുകൾക്ക് അധികാരം ലഭിച്ച ഈ സംഭവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു.<br>**അല്ലെങ്കിൽ**<br>**കാരണങ്ങൾ**<br>• പാരീസ് സമാധാന സന്ധി<br>• വേഴ്സായ് ഉടമ്പടി<br>• ഫാഷിസത്തിന്റെയും നാസിസത്തിന്റെയും വളർച്ച<br>• സൈനിക സഖ്യങ്ങളുടെ രൂപീകരണം<br>• പ്രീണന നയം<br>• സർവ്വരാജ്യ സഖ്യത്തിന്റെ പരാജയം (Explain any 3)<br>**ഫലങ്ങൾ**<br>➢ ദശലക്ഷക്കണക്കിന് ജനങ്ങൾ കൊല്ലപ്പെട്ടു.<br>➢ യൂറോപ്യൻ രാജ്യങ്ങളുടെ സമ്പത്തികനില താറുമാറായി.<br>➢ യൂറോപ്യൻ രാജ്യങ്ങളുടെ ലോകമേധാവിത്വം തർന്നു.<br>➢ ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരം ശക്തിപ്പെട്ടു.<br>➢ അമേരിക്കയും സോവിയറ്റ് യൂണിയനും വൻശക്തികളായി മാറി.<br>➢ ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചു | **6** |



Colin Jose E
Dr.AMMRGHSS Kattela,
Thiruvanathapuram

Biju M
GHSS Parappa
Kasaragod